അഭിമുഖം



# ഭൂസമരങ്ങൾ കേരളത്തെ പിടിച്ചുകുലുക്കും

സോളിഡാരിറ്റി ചെങ്ങറ സമരത്തെ ശക്തിപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു. ചെങ്ങറയിലെ മനുഷ്യാവകാശ ലംഘനം കേരളീയ സമൂഹം അറിയണം, പ്രതികരിക്കണം. ഉപരോധം ലംഘിക്കുന്നതിന് മുമ്പ്, ഒന്നാം ഘട്ടമായി ചെയ്തത് വിഭവസമാഹരണമാണ്. വെറുതെ വിഭവങ്ങൾ ശേഖരിക്കുകയല്ല, കേരളത്തിലെ എല്ലാ വീടുകളിലും സമരത്തിന്റെ സന്ദേശം എത്തിക്കുകയാണ് സോളിഡാരിറ്റി ചെയ്തത്. ഇനി നവംബർ ഒന്നിന് ഉപരോധം ലംഘിക്കാനാണ് സോളിഡാരിറ്റി തീരുമാനിച്ചിരിക്കുന്നത്.

*? ഭൂരഹിതർ, കുടിയൊഴിപ്പിക്കപ്പെട്ടവർ, ഭൂമാഫിയ, ഭൂസമരങ്ങൾ... ഭൂമിപ്രശ്നം ഏറെ സജീവമായ വിഷയമാണിന്ന്. എന്താണിതിന്റെ പശ്ചാത്തലം*

ഭൂരഹിതരായ ലക്ഷക്കണക്കിനാളുകൾ നമ്മുടെ രാജ്യത്തുണ്ട്. കേരള ജനതയിലെ 30 ശതമാനവും സ്വന്തമായി ഭൂമിയില്ലാത്തവരാണ്. ദലിതരും ആദിവാസികളുമാണവരിൽ ഭൂരിപക്ഷം. അടിസ്ഥാനപരമായി തന്നെ കൃഷിഭൂമിയോ കിടപ്പാടമോ ഇല്ലാത്തവർ. ഇവരാണ് ഭൂരഹിതരിലെ ഒരു വിഭാഗം. രണ്ടാമത്തേത് വികസനത്തിന്റെ ഇരകളാണ്. വ്യവസായവത്കരണം, നഗരനിർമാണം, പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്), അവയുടെ മറപറ്റി രംഗത്തുവരുന്ന ഭൂമാഫിയകളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ വഴി കുടിയിറക്കപ്പെട്ടവർ. ഉണ്ടായിരുന്ന തുണ്ടുഭൂമി പോലും അവർക്ക് നഷ്ടപ്പെടുകയായിരുന്നു.

അടിസ്ഥാനപരമായി ഭൂമിയില്ലാത്ത ദലിതരും ആദിവാസികളും മറ്റും ഭൂമിക്കുവേണ്ടി നടത്തുന്ന സമരങ്ങൾ ഒരു ഭാഗത്ത്. മതിയായ പുനരധിവാസ പാക്കേജുകളില്ലാതെ കുടിയൊഴിപ്പിക്കപ്പെടുകയും പെരുവഴിയിലാവുകയും ചെയ്തവരുടെ സമരം മറ്റൊരു ഭാഗത്ത്. ഈ രണ്ട് സ്വഭാവത്തിലുള്ള സമരങ്ങളാണ് ഇന്ന് കേരളത്തിലെ ഭൂമി പ്രശ്നത്തെ സജീവമാക്കുന്നത്.

മൂന്നാമതൊരു പ്രശ്നമുള്ളത് ഭൂമാഫിയയുടേതാണ്. സെസ് പോലുള്ള പുതിയ പദ്ധതികളുടെ മറവിൽ രംഗത്തുവരുന്ന ഭൂമാഫിയ റിയൽ എസ്റ്റേറ്റ് ബിസിനസിന്റെ ലേബലിൽ അപകടകരമായ നീക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെമ്പാടുമുള്ള കണ്ണായ പല ഭൂമിയും കൈയടക്കുന്നു, ഭൂസ്വത്ത് ചില വ്യക്തികളിലും ഏജൻസികളിലും കേന്ദ്രീകരിക്കപ്പെടുന്നു,

കൃത്രിമവും തികച്ചും അന്യായവുമായ വില വർധനവ് സൃഷ്ടിക്കപ്പെടുന്നു, കൃഷിഭൂമി യാതൊരു തത്ത്വദീക്ഷയുമില്ലാതെ വ്യാവസായികാവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കപ്പെടുന്നു, സാധാരണക്കാർക്ക് വീട് വെക്കാനുള്ള ഭൂമിയുടെ ലഭ്യത ദുഷ്കരമാകുന്നു തുടങ്ങി ഒട്ടേറെ പ്രശ്നങ്ങളാണ് ഭൂമാഫിയ സൃഷ്ടിക്കുന്നത്.

ദലിതരും ആദിവാസികളും ഉൾപ്പെടെയുള്ള ഭൂരഹിതരുടെയും കുടിയിറക്കപ്പെട്ടവരുടെയും സമരങ്ങളും ഭൂമാഫിയകളുടെ പ്രവർത്തനങ്ങളുമെല്ലാം ചേർന്ന് കേരളത്തിൽ രാഷ്ട്രീയപ്രശ്നമായി ഭൂമി ഇന്ന് ഉയർന്നുവന്നിരിക്കുകയാണ്. ഭൂമിപ്രശ്നത്തെ അഭിമുഖീകരിക്കാതെ കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിക്കും സാമൂഹ്യപ്രസ്ഥാനത്തിനും ഇനി മുന്നോട്ടുപോകാൻ കഴിയില്ല. ഇപ്പോൾ നടക്കുന്ന ഭൂസമരങ്ങൾ സമീപഭാവിയിൽ കേരളത്തെ പിടിച്ചുകുലുക്കുന്ന പ്രക്ഷോഭങ്ങളായി മാറും.

***? ഭൂരഹിതരായ ധാരാളം ആളുകൾ കേരളത്തിലുണ്ടെന്ന് പറഞ്ഞു. എങ്ങനെയാണ് അവർ ഭൂരഹിതരായത്***

സ്വന്തമായി കിടപ്പാടമോ കൃഷിഭൂമിയോ നേരത്തേതന്നെ ഇല്ലാത്ത വലിയൊരു വിഭാഗം ജനങ്ങളുണ്ട്. പൊതുസമൂഹത്തിന് പക്ഷേ അവരെക്കുറിച്ച് അധികമൊന്നും അറിയില്ലായിരുന്നു. ആദിവാസികൾ ഒരു ഉദാഹരണമാണ്. വനത്തോട് സമരസപ്പെട്ട് വനത്തിൽ ജീവിച്ചവരായിരുന്നു അവർ. 'വനസംരക്ഷണ'വും മറ്റും പറഞ്ഞ് അവരെ അവിടെനിന്ന് പുറത്താക്കി. അവർക്ക് അനുയോജ്യമായ ബദൽ സംവിധാനം ഒരുക്കാനോ ഭൂമി നൽകാനോ ഭരണകൂടങ്ങൾ ശ്രദ്ധിച്ചുമില്ല. മറ്റൊന്ന് ദലിതരാണ്. ജന്മിമാരുടെയും മറ്റു ഭൂവുടമകളുടെ കീഴിൽ പണിയെടുത്ത് ജീവിച്ച അടിസ്ഥാന കർഷകത്തൊഴിലാളികൾ. ഇവർക്ക് സ്വന്തം ഭൂമി ഉണ്ടായിട്ടില്ല.

***? ഭൂരഹിതർക്ക് ഭൂമി കൊടുക്കാനുള്ള ഗവൺമെന്റ് പദ്ധതികളൊന്നും.......***

**വലിയൊരു ജനവിഭാഗത്തിന് ഉപകാരപ്പെടുന്ന ഒരു സാമൂഹിക ആവശ്യത്തിനു വേണ്ടി കുറച്ചു പേരെ കുടിയിറക്കേണ്ടിവന്നേക്കാം. ഇത്തരം ആളുകൾ പോലും ഇരകളാക്കപ്പെടാൻ പാടില്ല. കൃത്യമായ ബദൽ പാക്കേജുകളോടെയാകണം കുടിയിറക്കൽ. മതിയായ ഭൂമിയും വീടും നഷ്ടപരിഹാരവും നൽകണം.**



ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കണമെന്ന ആവശ്യം, മിച്ചഭൂമിയില്ലെന്ന കാരണം പറഞ്ഞ് ഗവൺമെന്റ് നിരാകരിക്കുകയാണ്. രണ്ടാം ഭൂപരിഷ്കരണത്തെ എതിർക്കുന്നവരുടെ വാദം ഇതിനുദാഹരണമാണ്. ഗവൺമെന്റിന് ഏറ്റെടുത്ത് ഭൂരഹിതർക്ക് നൽകാൻ കഴിയുന്ന ധാരാളം ഭൂമി ഇവിടെയുണ്ട്. ഒരു സന്ദർഭത്തിൽ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ തന്നെ പറഞ്ഞപോലെ, വൻകിട കുത്തകകളുടെ കൈയിൽ ഗവൺമെന്റിന്റെ അനേകായിരം ഏക്കർ ഭൂമിയുണ്ട്. ടാറ്റ, ഹാരിസൺ ഉൾപ്പെടെയുള്ളവരുടെ കൈയിൽ പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമിയുണ്ട്. അതവർ തികച്ചും നിയമവിരുദ്ധമായി കൈയടക്കി വെച്ചിരിക്കുകയാണ്. ഇടതും വലതും ഗവൺമെന്റുകളും രാഷ്ട്രീയക്കാരും ബ്യൂറോക്രസിയും നിയമലംഘനത്തിന് കൂട്ടുനിൽക്കുന്നു. ഗവൺമെന്റ് ചെയ്യേണ്ടത്, ഇത്തരം സർക്കാർ ഭൂമികൾ കുത്തകകളിൽനിന്ന് ഏറ്റെടുക്കുകയും ഭൂരഹിതർക്ക് വിതരണം ചെയ്യുകയുമാണ്. അതിന്റെ രീതികൾ അറിയാത്ത ഒരു പാർട്ടിയല്ല കേരളം ഭരിക്കുന്നത്. അതെല്ലാം നന്നായി അറിയുന്ന, ഒരു ഘട്ടത്തിൽ അതിന് നേതൃത്വം കൊടുത്തവരാണ്. പക്ഷേ, ഇപ്പോൾ അവർ ഭൂരഹിതരായ അടിസ്ഥാന തൊഴിലാളി വർഗത്തോടൊപ്പമല്ല, ഭൂമാഫിയക്കൊപ്പമാണ് നിലകൊള്ളുന്നത്. ഇതാണ് ഭൂരഹിതർക്ക് ഭൂമി കൊടുക്കുന്ന പ്രശ്നം ഏറ്റെടുക്കാൻ ഗവൺമെന്റിന് പ്രതിബന്ധം. ഇത് തികച്ചും ദൗർഭാഗ്യകരമാണ്.

***? ജനങ്ങൾക്കൊപ്പം നിൽക്കേണ്ട ഗവൺമെന്റിനെ തടയുന്നത് പാർട്ടികളാണോ***

ഭൂമാഫിയകളുടെ ചുമലിൽ കൈയിട്ട്, ജനവിരുദ്ധപക്ഷത്ത് നിൽക്കുന്ന പാർട്ടികൾ, ഗവൺമെന്റിനെ കൂടി പാർട്ടി നയത്തിനനുസരിച്ച് കൊണ്ടുപോകാനാണ് ശ്രമിക്കുന്നത്. അതിൽ ഏറെക്കുറെ പാർട്ടി വിജയിക്കുന്നുണ്ട്. അതിന്റെ ഉദാഹരണമാണ് മൂന്നാർ ദൗത്യത്തിന്റെ പരാജയം. പാർട്ടി നിലപാടിന് മുമ്പിൽ ഗവൺമെന്റിനും വി.എസ്സിനും മുട്ടുമടക്കേണ്ടിവന്നതുകൊണ്ടാണ് മൂന്നാറിൽ അത്ഭുതങ്ങൾ സംഭവിക്കാതിരുന്നത്. ഇപ്പോൾ നടക്കുന്നത് മുഖംമിനുക്കാനുള്ള ചില നാടകം മാത്രമാണ്. പരാജയപ്പെട്ട ദൗത്യം, പരാജയമല്ല എന്ന് കാണിക്കാനുള്ള വൃഥാശ്രമം! പാർട്ടി നിലപാടിന് വിധേയമായതുകൊണ്ട് ഗവൺമെന്റിന് ഈ വിഷയത്തിൽ വേറിട്ടതും പുരോഗമനാത്മകവുമായ മറ്റൊരു നയമില്ല. പാർട്ടി നിലപാടിൽ നിന്ന് വേറിട്ട് മുഖ്യമന്ത്രിക്ക് മറ്റൊരു നിലപാടില്ലെന്നതിന്റെ അനുഭവസാക്ഷ്യമായിരുന്നു മൂന്നാർ ഓപറേഷനുണ്ടായ പരിണതി.

***? സി.പി.ഐയുടെ നിലപാട്***

സി.പി.ഐയുടെയും സി.പി.എമ്മിന്റെയും നിലപാട് ഈ വിഷയത്തിൽ സമാനമാണ്. മൂന്നാർ ദൗത്യം പരാജയമാകാനുള്ള പ്രധാന കാരണം സി.പി.ഐ

നിലപാടാണ്. അവരുടെ ഓഫീസ് സ്ഥിതി ചെയ്യുന്നതുതന്നെ കൈയേറ്റ ഭൂമിയിലാണ്. പിന്നെ എങ്ങനെ അവർ കൈയേറ്റത്തെ എതിർക്കും?



***? ഏതൊക്കെ വികസനപദ്ധതികളുടെ ഭാഗമായാണ് കുടിയിറക്കൽ നടന്നത്***

മൂലമ്പിള്ളി, സ്മാർട്ട് സിറ്റി തുടങ്ങിയവയുടെ പേരിൽ കുടിയിറക്കലുകൾ നടന്നു. അതിരപ്പള്ളി പദ്ധതി, കരിമണൽ ഖനനം, വിഴിഞ്ഞം തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട പ്രധാനമായ ഒരു പ്രശ്നം കുടിയിറക്കലാണ്. വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് പറയുന്നതിലും എത്രയോ വലുതാണ് യഥാർഥ കണക്ക്.

വികസന പദ്ധതികൾക്ക് വേണ്ടിയുള്ള എല്ലാ കുടിയിറക്കലുകളും നിരാകരിക്കണമെന്ന് സോളിഡാരിറ്റിക്ക് അഭിപ്രായമില്ല. കുടിയിറക്കുന്നത് എന്തിന് എന്നത് വളരെ പ്രധാനമാണ്.

വലിയൊരു ജനവിഭാഗത്തിന് ഉപകാരപ്പെടുന്ന ഒരു സാമൂഹിക ആവശ്യത്തിനു വേണ്ടി കുറച്ചു പേരെ കുടിയിറക്കേണ്ടിവന്നേക്കാം. ഇത്തരം ആളുകൾ പോലും ഇരകളാക്കപ്പെടാൻ പാടില്ല. കൃത്യമായ ബദൽ പാക്കേജുകളോടെയാകണം കുടിയിറക്കൽ. മതിയായ ഭൂമിയും വീടും നഷ്ടപരിഹാരവും നൽകണം. നമ്മുടെ അനുഭവത്തിൽ അതുണ്ടാകുന്നില്ല. ഈ വിഷയത്തിൽ ഇടതും വലതും തമ്മിൽ അതിൽ യാതൊരു വ്യത്യാസവും കാണുന്നില്ല.

***? ഭൂമാഫിയയുടെ പ്രവർത്തനങ്ങൾ***

സെസുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇടതുപക്ഷത്തിന്റെ നിലപാട് പരിശോധിച്ചാൽ ഭൂമാഫിയകളുടെ സ്വാധീനം മനസ്സിലാക്കാം. സർക്കാരിന് മുന്നിലുള്ള പല അപേക്ഷകളും വിശ്വസനീയമായ പദ്ധതികളോടുകൂടിയതല്ല. സെസിന്റെയും മറ്റും പേരിൽ ഭൂമി ഏറ്റെടുക്കാൻ ഗവൺമെന്റിനെ നിർബന്ധിക്കുന്നവർ വൻ റിയൽ എസ്റ്റേറ്റ് മാഫിയക്കാരാണ്. ഇവർ ഗവൺമെന്റിനെ ഉപയോഗപ്പെടുത്തി വ്യവസായവത്കരണത്തിന്റെയും നഗരവത്കരണത്തിന്റെയും വൻകിട പദ്ധതികളുടെയും മറവിൽ ഭൂമി സ്വന്തമാക്കിക്കൊണ്ടിരിക്കുകയാണ്.

> **ഭൂമിപ്രശ്നത്തെ അഭിമുഖീകരിക്കാതെ കേരളത്തിലെ ഒരു രാഷ്ട്രീയപാർട്ടിക്കും സാമൂഹ്യപ്രസ്ഥാനത്തിനും ഇനി മുന്നോട്ടുപോകാൻ കഴിയില്ല. ഇപ്പോൾ നടക്കുന്ന ഭൂസമരങ്ങൾ സമീപഭാവിയിൽ കേരളത്തെ പിടിച്ചുകുലുക്കുന്ന പ്രക്ഷോഭങ്ങളായി മാറും.**

***? ഭൂരഹിതരുടെ ഭൂമിക്കു വേണ്ടിയുള്ള സമരങ്ങൾ തെളിയിക്കുന്നത്, ഏറെ കൊട്ടിഘോഷിക്കപ്പെട്ട ഭൂപരിഷ്കരണത്തിന് ഒട്ടേറെ അപാകതകളുണ്ട് എന്നല്ലേ...***

ഭൂപരിഷ്കരണത്തിന്റെ ജയപരാജയങ്ങൾ വിലയിരുത്താൻ ഇപ്പോൾ മുതിരുന്നില്ല. ഭൂപരിഷ്കരണത്തിന് ധാരാളം ഗുണങ്ങളുണ്ടായിട്ടുണ്ട്. അതേ സമയം, ധാരാളം പരിമിതികളും പ്രശ്നങ്ങളുമുണ്ട്. ഭൂപരിഷ്കരണത്തിന്റെ ഫലമായി ഭൂമി ലഭിച്ചത് പാട്ടകുടിയാൻ വരെയുള്ളവർക്കാണ്. അതിനു പിന്നിൽ കുറേ ആളുകളുണ്ട്. മണ്ണിൽ പണിയെടുത്ത അടിസ്ഥാന കർഷകത്തൊഴിലാളികൾ. ഇവർക്ക് ഭൂപരിഷ്കരണത്തിന്റെ ഭാഗമായി ഭൂമി ലഭിച്ചിട്ടില്ല. ഇവർ ദലിതരും ആദിവാസികളുമാണ്. ഇന്ന് സമരരംഗത്തുള്ളത് ഭൂപരിഷ്കരണത്തിന്റെ അപാകതകൾ കാരണം ഭൂരഹിതരായവരാണ്.

നിലവിലുള്ള ഭൂപരിഷ്കരണത്തിന്റെ മറ്റൊരു പരിമിതി അത് തോട്ടം മേഖലയെ ഒഴിവാക്കി എന്നതാണ്. ഭൂമിയുടെ തുണ്ടുവൽകരണത്തെ പ്രതിരോധിച്ച് കൃഷിയും തൊഴിലും സംരക്ഷിക്കുക എന്നതായിരുന്നു ഈ ഒഴിവാക്കലിന്റെ ഉദ്ദ്യേശം. എന്നാൽ കുത്തക കമ്പനികൾ ഈ ഭൂമി കൈയടക്കി വെക്കുകയും തുണ്ടം തുണ്ടമായി മുറിച്ച് വിൽപന നടത്തുകയും ചെയ്തു. എന്തൊക്കെ കാരണങ്ങളാണോ ആദ്യം തോട്ടം മേഖലയെ ഭൂപരിഷ്കരണത്തിൽനിന്ന് ഒഴിവാക്കാൻ പറഞ്ഞിരുന്നത് അതെല്ലാം അപ്രസക്തമായി. കാർഷികവൃത്തി ഇല്ലാതാവുകയും തൊഴിൽ നഷ്ടപ്പെടുകയും ചെയ്തു. കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കപ്പെട്ടു. മൂന്നാർ ഇതിനുദാഹരണമാണ്. അനേകം റിസോർട്ടുകളാണ് അവിടെ കെട്ടിയുയർത്തപ്പെട്ടിരിക്കുന്നത്.

***? സമഗ്രമായ ഒരു ഭൂനിയമത്തിന്റെ അഭാവമല്ലേ പ്രശ്നത്തിന്റെ പ്രധാന കാരണം***

നിലവിലുള്ള ഭൂനിയമങ്ങൾക്ക് ഒരുപാട് അപാകതകളും പരിമിതികളുമുണ്ട്. അതുകൊണ്ട് സമഗ്രമായ ഒരു ഭൂനിയമം അടിയന്തര സ്വഭാവത്തിൽ കൊണ്ടുവരേണ്ടതാണ്. 1894-ലെ ബ്രിട്ടീഷുകാരന്റെ നിയമങ്ങളാണ് ഭൂമി ഏറ്റെടുക്കൽ വിഷയത്തിൽ ഇവിടെ നിലവിലുള്ളത്. ഭൂമി ഏറ്റെടുക്കലിന്റെ ഒരു വലിയ പ്രശ്നവും ആ നിയമങ്ങളാണ്. വൻകിട പ്രോജക്ടുകളും കൈനിറയെ പണവുമായി വരുന്ന ഏത് സ്വദേശി-വിദേശ കമ്പനികൾക്കും ആരുടെ ഭൂമിയും വീടും പിടിച്ചെടുത്ത് കൊടുക്കാനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാണെന്ന് പറയുന്ന നിയമം പ്രാകൃതമാണ്. എന്തിനാണ് ഗവൺമെന്റ് ഭൂമി ഏറ്റെടുക്കേണ്ടത്, അതിന്റെ ന്യായാന്യായങ്ങൾ എന്താണ്? ഇത്തരം

വിഷയങ്ങളൊന്നും നിലവിലുള്ള ഭൂനിയമം കൈകാര്യം ചെയ്യുന്നില്ല. നന്ദിഗ്രാമിലെയും സിംഗൂരിലെയും മറ്റും ഭൂമി ഏറ്റെടുക്കൽ തെറ്റാണ് എന്ന് നാം പറയുന്നു. എന്നാൽ, എന്തുകൊണ്ട് അങ്ങനെ ചെയ്യാൻ കഴിഞ്ഞു? അത് സാധ്യമാകുന്ന നിയമമാണ് നിലവിലുള്ളത്. ഇത് മാറേണ്ടതാണ്.

അതുപോലെത്തന്നെ പാട്ടനിയമം. യാതൊരു തത്ത്വദീക്ഷയുമില്ലാതെ നൂറും നൂറ്റമ്പതും വർഷത്തേക്ക് ഹെക്ടർ കണക്കിന് ഭൂമി കുത്തകകൾക്ക് പാട്ടത്തിന് കൊടുക്കുന്നു. ടാറ്റക്ക് കൊടുത്ത പാട്ടസംഖ്യ വെച്ചുനോക്കുമ്പോൾ ഇടത്തരക്കാർക്ക് വരെ അത്തരം ഭൂമി പാട്ടത്തിനെടുക്കാൻ പറ്റും. അത്ര തുഛമാണ് പാട്ടത്തുക. പാട്ടക്കരാറാകട്ടെ കാലാനുസൃതമായി മാറ്റുകയോ പുതുക്കുകയോ ചെയ്യുന്നില്ല.

കേരളത്തിന്റെ കണ്ണായ സ്ഥലങ്ങൾ ഇന്ന് ഭൂമാഫിയ പിടിച്ചടക്കിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള നിയമങ്ങൾക്ക് തടയാൻ കഴിയാത്ത റിയൽ എസ്റ്റേറ്റ് ബൂമിങ്ങാണ് നടക്കുന്നത്. രാവിലെ ഒരു വിലയ്ക്ക് വാങ്ങുന്ന ഭൂമി വൈകുന്നേരമാകുമ്പോഴേക്ക് അധികവിലയ്ക്ക് വിൽക്കുന്നു. ഇത് പൊള്ളയായ, കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന വിലയാണ്. അമേരിക്കൻ സാമ്പത്തിക തകർച്ചയെക്കുറിച്ച് പഠിച്ചാൽ അതിന്റെ ഒരു വശം ഈ റിയൽ എസ്റ്റേറ്റ് ബൂമിങ്ങാണെന്ന് കാണാനാവും. നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമായതുകൊണ്ടാണ് ഊഹാധിഷ്ഠിതമായ റിയൽ എസ്റ്റേറ്റ് ബൂമിങ്ങ് നടക്കുന്നത്. അതിന് തടയിടാൻ കഴിയുംവിധം നിയമം പരിഷ്കരിക്കണം.

***? ഭൂപരിഷ്കരണത്തിന് നേതൃത്വം കൊടുത്ത ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിലും പശ്ചിമബംഗാളിലുമാണല്ലോ ഇപ്പോൾ ഏറ്റവും ശക്തമായ ഭൂസമരങ്ങൾ നടക്കുന്നത്. ഇത് വിരോധാഭാസമല്ലേ***

പഴയ ഇടതുപക്ഷം ഇന്ന് മാറിയിരിക്കുന്നു. ഈ മാറ്റം യാദൃച്ഛികമല്ല. ബുദ്ധദേവ് ഭട്ടാചാര്യ പറഞ്ഞതുപോലെ, 'കാലം മാറിയിരിക്കുന്നു. മുതലാളിത്തയുഗത്തിൽ മുതലാളിത്തവത്കരണമല്ലാതെ വ്യാവസായിക വളർച്ചക്ക് വഴികളില്ല. ആ യാഥാർഥ്യബോധം നമുക്കെല്ലാവർക്കും ഉണ്ടാകണം'- ഇതാണ് പുതിയ നയം. കേരളത്തിലെയും ബംഗാളിലെയും ഇടതു ഗവൺമെന്റുകളുടെ പോളിസിയാണ് ബുദ്ധദേവ് പറഞ്ഞത്. വ്യവസായവത്കരണത്തിന് പ്രാധാന്യം കൊടുക്കുന്നു എന്നതല്ല പ്രശ്നം. വ്യവസായവത്കരണവും നഗരവത്കരണവും കാർഷികമേഖലയെയും ഗ്രാമീണ മേഖലയെയും തകർത്തുകൊണ്ടായിരിക്കണം എന്ന നയമാണ് അപകടകരം.

ഇറാൻ തുടരുന്ന രീതി ഈ വിഷയത്തിൽ പഠിക്കേണ്ടതാണ്. ഇറാനിൽ വ്യവസായ-നഗരവത്കരണം ശക്തമാണ്. അതേസമയം കാർഷികമേഖലയും ഗ്രാമീണമേഖലയും. ബാലൻസ്ഡായ ഒരു പോളിസിയിലൂടെ സംരക്ഷിക്കപ്പെടുന്നു. എന്നാൽ, വ്യവസായവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന സമീപനവുമുണ്ട്. ഇത് ഇന്ത്യക്കും സ്വീകരിക്കാവുന്നതാണ്. കാരണം ഇന്ത്യ അടിസ്ഥാനപരമായി കാർഷികരാജ്യമാണ്. ഇത് തകർക്കപ്പെട്ടാൽ ഇന്ത്യതന്നെ തകരും. പക്ഷേ ഇപ്പോൾ നടക്കുന്നത് കാർഷിക-ഗ്രാമീണ മേഖലയെ തകർക്കാനുള്ള ശ്രമങ്ങളാണ്.

**കുടിയാന്മാരടക്കം ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കാൻ സമരം ചെയ്തതും നടപടികൾ സ്വീകരിച്ചതുമാണ് ജനം ഇടതുപക്ഷത്തോടൊപ്പം നിൽക്കാൻ കാരണം. എന്നാൽ പഴയ ജന്മിമാരുടെ സ്ഥാനത്തുള്ള അഭിനവ കുത്തകകൾക്ക് ഭൂമി നൽകുകയും അവരുടെ കൊള്ളരുതായ്മകൾക്ക് കൂട്ടുനിൽക്കുകയും ചെയ്യുന്ന കേരളത്തിലെ ഇടതുപക്ഷം, ഇവിടത്തെ ദലിതരും ആദിവാസികളുമായ ഭൂരഹിതരെ അവഗണിക്കുന്നു.**

***? നന്ദിഗ്രാമിലും ചെങ്ങറയിലുമൊക്കെ സമരരംഗത്തുള്ളത് കർഷകരും തൊഴിലാളികളുമാണല്ലോ....***

അതെ. നന്ദിഗ്രാമിൽ സമരരംഗത്തുള്ളത് കർഷകത്തൊഴിലാളികളാണ്. അവരിലൊരു വിഭാഗം സി.പി.എം പ്രവർത്തകരാണ്. കുറേപേർ പാർട്ടി അനുഭാവികളും. അവരുടെ സമരം സെസിനും ടാറ്റക്കുമെതിരെ എന്നതിലുപരി തങ്ങളുടെ കൃഷിഭൂമിക്കുവേണ്ടിയാണ്. ടാറ്റാ നാനോ കാർ ഫാക്ടറി കൃഷിഭൂമിയിൽ സ്ഥാപിക്കുന്നു. സെസ് കൃഷിഭൂമിയിൽ വരുന്നു. ഇതിനെതിരെ കാർഷികമേഖല സംരക്ഷിക്കാൻ വേണ്ടിയാണ് സമരം. കുത്തകകൾ കൊടുക്കുന്ന പണം വാങ്ങി, അവർ ആവശ്യപ്പെടുന്നിടത്ത് ചുവപ്പ് പരവതാനി വിരിച്ചുകൊടുക്കുകയാണ് ഭരിക്കുന്ന പാർട്ടികൾ.



ഇടതുപക്ഷം വളർന്നത് കർഷകത്തൊഴിലാളികളിലൂടെയാണ്. എന്നാൽ ഇന്നവർ കർഷകരെ കൈയൊഴിഞ്ഞിരിക്കുന്നു, വൻകിട മുതലാളിമാരുടെ പക്ഷത്തുനിൽക്കുന്നു. സ്വാഭാവികമായി കർഷകരുടെ ഭൂസമരങ്ങൾ ഉണ്ടാകുന്നു. അതാണ് നന്ദിഗ്രാമിലും സിംഗൂരിലും കാണുന്നത്. കുടിയാന്മാരടക്കം ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കാൻ സമരം ചെയ്തതും നടപടികൾ സ്വീകരിച്ചതുമാണ് ജനം ഇടതുപക്ഷത്തോടൊപ്പം നിൽക്കാൻ കാരണം. എന്നാൽ പഴയ ജന്മിമാരുടെ സ്ഥാനത്തുള്ള അഭിനവ കുത്തകകൾക്ക് ഭൂമി നൽകുകയും അവ

രുടെ കൊള്ളരുതായ്മകൾക്ക് കൂട്ടു നിൽക്കുകയും ചെയ്യുന്ന കേരളത്തിലെ ഇടതുപക്ഷം, ഇവിടത്തെ ദലിതരും ആദിവാസികളുമായ ഭൂരഹിതരെ അവഗണിക്കുന്നു. അതുകൊണ്ടാണ് 'ചെങ്ങറ'കൾ ഉണ്ടാകുന്നത്.



***? ഇടതുപക്ഷം ഇപ്പോൾ അവരുടെ വഴിയിൽനിന്ന് മാറി നടക്കുകയാണല്ലോ. അവരും വലതുപക്ഷമാകുന്നു. ഒരു തിരിച്ചുപോക്ക് പ്രതീക്ഷിക്കാമോ***

പലരും മാർക്സിസ്റ്റുകാരായത് അവർ മാർക്സിനെയും എംഗൽസിനെയും പഠിച്ച് മനസ്സിലാക്കിയിട്ടോ മൂലധനം വായിച്ചിട്ടോ അല്ല. മറിച്ച് കർഷകത്തൊഴിലാളികൾക്ക് അനുകൂലമായി പാർട്ടി കൈക്കൊണ്ട പല നിലപാടുകളിലൂടെയുമാണ്. അത്തരമൊരു ഇടതുപക്ഷം, ഭൂപരിഷ്കരണത്തിന്റെ ന്യൂനതകളിൽനിന്ന് ഉയർന്നുവന്ന പുതിയ ഭൂസമരങ്ങളോട് സ്വീകരിക്കുന്ന സമീപനം അപകടകരമാണ്. ഇടതുപക്ഷം നിൽക്കുന്നത് പഴയതുപോലെ ഭൂരഹിതർക്കൊപ്പമല്ല, ഭൂമാഫിയക്കൊപ്പമാണ്. മൂന്നാറിൽ ടാറ്റയുടെ കൂടെ, ചെങ്ങറയിൽ ഹാരിസൺസിന്റെ കൂടെ, നന്ദിഗ്രാമിലും സിംഗൂരിലും ടാറ്റയുടെയും സലിം ഗ്രൂപ്പിന്റെയും കൂടെ.

***? ഭൂസമരങ്ങൾക്ക് പിന്നിൽ നിക്ഷിപ്ത താൽപര്യക്കാരും നക്സലൈറ്റുകളുമാണെന്ന് ആരോപണമുണ്ടല്ലോ***

ഏതു സമരത്തെയും തകർക്കാൻ ഭരണകൂടം ഉപയോഗിക്കുന്ന ചില ആയുധങ്ങളാണ് തീവ്രവാദബന്ധം, നക്സലിസം തുടങ്ങിയവ. ഇപ്പോൾ ഭൂസമരങ്ങളെക്കുറിച്ച് അത്തരം ആരോപണം ഉന്നയിക്കുന്നത്, സമരത്തെ തകർക്കാൻ വേണ്ടിത്തന്നെയാണ്.

മൂലമ്പിള്ളി സമരത്തിനു പിന്നിൽ നക്സലുകളാണ്, ചെങ്ങറ സമരത്തിനു പിന്നിൽ തീവ്രവാദികളാണ്, നന്ദിഗ്രാമിൽ മതമൗലികവാദികളാണ് തുടങ്ങിയ ആരോപണമാണ് ഇടതുപക്ഷം ഉന്നയിക്കുന്നത്. നന്ദിഗ്രാമിൽ സി.പി.എം സഹയാത്രികർ തന്നെയാണ് സമരരംഗത്തുണ്ടായിരുന്നത്. അവരിലധികവും മുസ്ലിംകളായതിനാൽ മതമൗലികവാദികൾ എന്ന് വിളിച്ചു. മൂലമ്പിള്ളിയിൽ അത് നക്സലൈറ്റുകളായി. ചെങ്ങറയെകുറിച്ചും തീവ്രവാദവും നക്സലിസവും ആരോപിക്കുന്നു. ഭരണത്തിലിരിക്കുന്നവർ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുകയല്ല, അവരുടെ കഴിവും സാധ്യതകളും ഉപയോഗിച്ച് അത് തെളിയിക്കുകയാണ് വേണ്ടത്. ഇത്രയും തരംതാണ രീതിയിൽ ഇടതുപക്ഷം സമരങ്ങളെ കൈകാര്യംചെയ്യാൻ പാടില്ലായിരുന്നു.

***? നമ്മുടെ സാംസ്കാരിക മേഖലയോ മുഖ്യധാരാ മാധ്യമങ്ങളോ ചെങ്ങറ സമരത്തെ അർഹിക്കുന്ന പ്രാധാന്യത്തോടെ സമീപിച്ചിട്ടില്ല...***

**അത്യധികം ക്രൂരവും ഭീകരവുമാണ് ചെങ്ങറയിൽ സമരക്കാർക്കെതിരെ കമ്പനിയും ട്രേഡ് യൂനിയനുകളും അവർ വിലയ്ക്കെടുത്ത ഗുണ്ടകളും അവർക്ക് പിന്തുണ കൊടുക്കുന്ന ഇടതുപാർട്ടികളും നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങൾ. നമ്മുടെ പ്രബുദ്ധ കേരളത്തിലാണ് ഇതെല്ലാം നടന്നുകൊണ്ടിരിക്കുന്നത്.**

കേരളത്തിലെ ഭൂരഹിതരായ ആയിരക്കണക്കിനാളുകളാണ് ചെങ്ങറയിൽ സമരത്തിലേർപ്പെട്ടിരിക്കുന്നത്. ദലിതർ, ആദിവാസികൾ, ഹിന്ദുക്കൾ, മുസ്ലിംകൾ തുടങ്ങി പല വിഭാഗക്കാരുമുണ്ട് സമരരംഗത്ത്. 440ലേറെ ദിവസമായി അവർ സമരം ചെയ്യാൻ തുടങ്ങിയിട്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന ഭൂരഹിതരാണവർ; ചെങ്ങറ സ്വദേശികളുടെ ഒരു സമരമല്ല അത്.

സർക്കാർഭൂമി കൈയേറി കുടിലു കെട്ടി താമസിച്ചുകൊണ്ടാണ് അവർ സമരം ചെയ്യുന്നത്. അവരവിടെ സ്ഥിരതാമസത്തിന് വന്നവരോ സർക്കാർഭൂമി കൈവശപ്പെടുത്താൻ തീരുമാനിച്ചവരോ അല്ല. വർഷങ്ങളായി വീട് വെക്കാനും കൃഷി ചെയ്യാനും ഭൂമിയില്ലാത്തവരാണവർ. തങ്ങളുടെ പ്രശ്നം പരിഹരിച്ചുകിട്ടാൻ അവർ സ്വീകരിച്ച ഒരു സമരരീതിയാണത്. അവരുന്നയിക്കുന്ന ആവശ്യം ന്യായമാണോ എന്ന് പരിശോധിക്കുകയും അത് പരിഹരിക്കുകയുമാണ് ഗവൺമെന്റ് ചെയ്യേണ്ടത്. മുഖ്യമന്ത്രിയും മന്ത്രി എ.കെ ബാലനും പറഞ്ഞത് ചെങ്ങറ സമരം ന്യായമാണ് എന്നായിരുന്നു. എങ്കിൽ പിന്നെ ഗവൺമെന്റ് അതിന്റെ അനുബന്ധ നടപടികൾ സ്വീകരിക്കണം. അതിനു പകരം, ക്രൂരമായ സമീപനമാണ് ചെങ്ങറ സമരത്തോട് ഇടതുപക്ഷ സംഘടനകളും എൽ.ഡി.എഫ് ഗവൺമെന്റും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

***? മുഖ്യധാരാ മാധ്യമങ്ങളിൽ ഗൗരവപ്പെട്ട ചർച്ചക്ക് ഇനിയും ചെങ്ങറ സമരം വിഷയീഭവിച്ചിട്ടില്ലല്ലോ....***

മുഖ്യധാരാ സംഘടനകളെയും അവരുടെ അക്രമാസക്ത സമരരീതികളെയുമാണ് കേരളത്തിലെ മീഡിയ, വിശേഷിച്ചും ദൃശ്യമാധ്യമങ്ങൾ പ്രൊജക്ട് ചെയ്യാറുള്ളത്. ക്ലസ്റ്റർ സമരത്തിലെ സംഘർഷത്തിനിടക്ക് ഒരു അധ്യാപകൻ മരിച്ചു. ഇതിലെ ഒന്നാം പ്രതി എന്റെ വീക്ഷണത്തിൽ മീഡിയയാണ്. സമരം ശ്രദ്ധിക്കപ്പെടണമെങ്കിൽ അടിയുണ്ടാകണം എന്ന് മീഡിയ വരുത്തിത്തീർത്തിരിക്കുന്നു. ജനകീയമായ പല സമരങ്ങളും

മീഡിയാ കവറേജ് കിട്ടാതെ പോകുന്നുണ്ട്.

***? പരസ്യങ്ങളും മറ്റു സാമ്പത്തിക സപ്പോർട്ടുകളും മാധ്യമങ്ങളെ കുത്തകകളുടെയും സ്ഥാപിത താൽപര്യക്കാരുടെയും പക്ഷത്തു നിൽക്കാൻ പ്രേരിപ്പിക്കുന്നില്ലേ....***

കോർപറേറ്റുകളാണ് പലപ്പോഴും മാധ്യമങ്ങളെ നിയന്ത്രിക്കുന്നത്. ബഹുരാഷ്ട്ര കമ്പനികളുടെ പരസ്യങ്ങൾ പല പത്രങ്ങളുടെയും നയം നിശ്ചയിക്കുന്നതിൽ നിർണായകമായ ഘടകമാണ്. സാമ്രാജ്യത്വം മീഡിയയെ കൈയിലെടുക്കുന്നതിൽ എല്ലാ അടവുകളും വൈദഗ്ധ്യവും പ്രകടിപ്പിക്കുന്നുണ്ട്. മാധ്യമങ്ങളെ സംബന്ധിച്ചിടത്തോളം മൂലധന താൽപര്യങ്ങൾക്കെതിരായി നിലകൊള്ളുന്നത് സാമ്പത്തികമായും സാമ്രാജ്യത്വവിരുദ്ധ നിലപാട് സ്വീകരിക്കുന്നത് രാഷ്ട്രീയമായും അപകടകരമാണ് എന്ന് മനസ്സിലാക്കപ്പെടുന്നുണ്ട്. പരസ്യത്തിനും വളർച്ചയ്ക്കും വേണ്ടി അവർ ജനവിരുദ്ധപക്ഷത്ത് നിലയുറപ്പിക്കുകയാണ്. ചെങ്ങറ സമരത്തിലെ മാധ്യമനിലപാടുകളും ഇതിന്റെ ഉദാഹരണം തന്നെയാണ്.

***? എന്താണ് ചെങ്ങറയിൽ നടന്നുകൊണ്ടിരിക്കുന്നത്***

അത്യധികം ക്രൂരവും ഭീകരവുമാണ് ചെങ്ങറയിൽ സമരക്കാർക്കെതിരെ കമ്പനിയും ട്രേഡ് യൂനിയനുകളും അവർ വിലയ്ക്കെടുത്ത ഗുണ്ടകളും അവർക്ക് പിന്തുണ കൊടുക്കുന്ന ഇടതുപാർട്ടികളും നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങൾ. റോഡ് ഉപരോധം, ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയവ നിഷേധിക്കൽ, പുരുഷന്മാർക്കെതിരെ വിശേഷിച്ചും യുവാക്കൾക്കെതിരെയുള്ള ക്രൂരമായ പീഡനങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ. അവരുടെ വിവരണങ്ങൾ കേൾക്കുമ്പോൾ, അവിടത്തെ ദൃശ്യങ്ങൾ കാണുമ്പോൾ നമുക്ക് അതിനോട് നിസ്സംഗത പുലർത്താൻ കഴിയുകയില്ല. നമ്മുടെ പ്രബുദ്ധ കേരളത്തിലാണ് ഇതെല്ലാം നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിന് അപമാനമാണിത്. ഈ കടുത്ത മനുഷ്യാവകാശലംഘനം ഇനിയും തുടരാൻ പാടില്ലാത്തതാണ്.

***? കേരളത്തിൽ ഏറ്റവുമധികം സമരങ്ങൾ നടത്തിയിട്ടുള്ളത് ഇടതുപാർട്ടികളാണല്ലോ. എന്നിട്ടും സമരത്തോട് ഇത്തരമൊരു സമീപനം***

കേരളത്തിൽ, ന്യായവും അന്യായവുമായ ആവശ്യങ്ങൾക്കു വേണ്ടി ഏറ്റവും കൂടുതൽ സമരങ്ങൾ നടത്തിയതും സമരം ചെയ്യാൻ ഇവിടത്തെ ജനങ്ങളെ പഠിപ്പിച്ചതും ഇടതുപക്ഷ പാർട്ടികളാണ്. പല രീതികളിലുള്ള സമരങ്ങൾ അവർ നടത്തിയിട്ടുണ്ട്. ചെങ്ങറയിൽ ഭൂരഹിതർ നടത്തുന്നതിന് സമാനമായതും അതിനപ്പുറം അപകടകരവുമായ സമരങ്ങൾ വരെ ഇടതുപക്ഷം ചെയ്തിട്ടുണ്ട്. എന്നിട്ടും ന്യായമായ ആവശ്യത്തിനു വേണ്ടി, അടിസ്ഥാന ആവശ്യങ്ങൾ നേടാൻ വേണ്ടി സമരം ചെയ്യുന്ന ഒരു വലിയ വിഭാഗം ദുർബല ജനങ്ങളുടെ സമരത്തെ ക്രൂരമായി കൈകാര്യം ചെയ്യുകയാണ് ഇടതുപക്ഷം. സമരഭൂമിയിലേക്ക് ഭക്ഷണവും മരുന്നും കൊണ്ടുപോകാൻ അനുവദിക്കുന്നില്ല. ഡോക്ടർമാരെയോ മാധ്യമപ്രവർത്തകരെയോ പോകാൻ സമ്മതിക്കുന്നില്ല. രോഗികളെ പുറത്തുവിടുന്നില്ല. കുട്ടികളെ സ്കൂൾ പഠനത്തിന് അനുവദിക്കുന്നില്ല. കൊടിയ പട്ടിണിയിലാണ് അവർ. ഒരുനേരം മാത്രമേ അവർ കഞ്ഞിവെക്കുന്നുള്ളൂ.

സമരം ചെയ്യാനുള്ള, ന്യായമായ അവകാശങ്ങൾ നേടിയെടുക്കാനുള്ള ജനങ്ങളുടെ അവകാശത്തെ നിരാകരിക്കുകയാണ് ചെങ്ങറ സമരക്കാരെ ഉപരോധിക്കുകവഴി ട്രേഡ് യൂനിയനുകളും അവരെ പിന്തുണക്കുന്ന ഇടതു പാർട്ടികളും ചെയ്യുന്നത്.

ചെങ്ങറയിൽ നടക്കുന്ന പ്രാകൃതമായ ഈ വേട്ടയാടലുകൾക്കെതിരെ ഉറക്കെ ശബ്ദിക്കേണ്ടതുണ്ട്. പക്ഷേ നമ്മുടെ സാംസ്കാരിക നായകരും നേതാക്കളും മീഡിയയുമെല്ലാം അപകടകരമായ നിസ്സംഗതയാണ് പ്രശ്നത്തോട് സ്വീകരിച്ചിട്ടുള്ളത്. ആയിരക്കണക്കിനാളുകൾ 400ലേറെ ദിവസം റബർ തോട്ടത്തിൽ പ്ലാസ്റ്റിക് ഷീറ്റുകൾക്ക് താഴെ നരകിച്ച് മരിച്ചുകൊണ്ടിരിക്കുമ്പോൾ, അവർക്ക് കഞ്ഞി കൊടുക്കരുത്, മരുന്ന് കൊടുക്കരുത് എന്ന് പറയാൻ ഒരു തത്ത്വശാസ്ത്രവും പഠിപ്പിച്ചിട്ടില്ല.

ഞങ്ങൾ മാത്രമേ സമരം ചെയ്യാവൂ, ഞങ്ങൾ മാത്രമേ മുദ്രാവാക്യം വിളിക്കാവൂ, ഞങ്ങൾ ഭരിക്കുമ്പോൾ സമരം പാടില്ല, ഞങ്ങൾ പ്രതിപക്ഷത്താകുമ്പോഴേ സമരം പാടുള്ളൂ എന്നു പറയുന്ന സമഗ്രാധിപത്യ സമീപനമാണ് ഇടതുപക്ഷം ചെങ്ങറയിൽ സ്വീകരിക്കുന്നത്. ഒരിക്കലും ഇത് അംഗീകരിച്ചുകൊടുക്കരുത് എന്നാണ് സോളിഡാരിറ്റിക്ക് ജനാധിപത്യകേരളത്തോട് പറയാനുള്ളത്.

***? സോളിഡാരിറ്റിയുടെ ഇടപെടൽ....***

സോളിഡാരിറ്റി തുടക്കം മുതൽ തന്നെ ചെങ്ങറ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെയും സോളിഡാരിറ്റിയുടെയും നേതാക്കൾ സമരഭൂമിയിലെത്തിയിരുന്നു. ക്യാമ്പുകൾ സന്ദർശിച്ചിരുന്നു. കഴിഞ്ഞ റമദാൻ മാസത്തിൽ സോളിഡാരിറ്റി സമരഭൂമിയിൽ ഭക്ഷ്യവസ്തുക്കളുടെ വിതരണം നടത്തിയിരുന്നു. ഉപരോധം ആരംഭിക്കുകയും സമരക്കാർക്ക് ചികിത്സക്കുവേണ്ടി പോലും പുറത്തുപോവാൻ കഴിയാതാവുകയും ചെയ്ത ഘട്ടത്തിൽ സോളിഡാരിറ്റി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. തലസ്ഥാന നഗരിയിൽ നടന്ന ഐക്യദാർഢ്യസമരങ്ങളിലെല്ലാം സോളിഡാരിറ്റി പങ്കെടുത്തിട്ടുണ്ട്. ജില്ലാതല ഐക്യദാർഢ്യ സമിതികളിലും സോളിഡാരിറ്റി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്.

ഇപ്പോൾ സോളിഡാരിറ്റി ചെങ്ങറ സമരത്തെ ശക്തിപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു. ചെങ്ങറയിലെ മനുഷ്യാവകാശ ലംഘനം കേരളീയ സമൂഹം അറിയണം, പ്രതികരിക്കണം. ഉപരോധം ലംഘിക്കുന്നതിന് മുമ്പ്, ഒന്നാം ഘട്ടമായി ചെയ്തത് വിഭവസമാഹരണമാണ്. വെറുതെ വിഭവങ്ങൾ ശേഖരിക്കുകയല്ല, കേരളത്തിലെ എല്ലാ വീടുകളിലും സമരത്തിന്റെ സന്ദേശം എത്തിക്കുകയാണ് സോളിഡാരിറ്റി ചെയ്തത്. ഇനി നവംബർ ഒന്നിന് ഉപരോധം ലംഘിക്കാനാണ് സോളിഡാരിറ്റി തീരുമാനിച്ചിരിക്കുന്നത്. ■